**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271** **09-10-2025 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷി ഭവനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>കാർഷിക മേഖലയുടെ സമഗ്ര വികസനവും കർഷക ക്ഷേമവും കർഷക വരുമാന വർദ്ധനവും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കൃഷിഭവനുകൾ കേന്ദ്രീകരിച്ച് സർക്കാർ നടപ്പിലാക്കി വരുന്നത്. കൃഷിഭവൻ പ്രവർത്തനങ്ങൾ ജനകീയമായി വിലയിരുത്തി സേവനങ്ങൾ മെച്ചപ്പെടുത്തുന്ന സോഷ്യൽ ആഡിറ്റ് സംവിധാനം എല്ലാ കൃഷിഭവനുകളും കേന്ദ്രീകരിച്ച് ഘട്ടംഘട്ടമായി പൂർത്തീകരിച്ചുവരുന്നു. കൂടാതെ വകുപ്പ് തലത്തിലും കൃഷിഭവനുകളുടെ പ്രവർത്തനം അവലോകനം ചെയ്യപ്പെടുന്നുണ്ട്.<br><br>കർഷകർക്ക് തന്നെ കൃഷിഭവനുകളുടെ സേവനം വിലയിരുത്താനുള്ള അവസരം നൽകുന്നതിനായി ANUBHAVAM (Assessment for Nurturing and Uplifting Beneficiary Happiness and Agricultural Visitor Assessment Mechanism) എന്ന പേരിൽ ഒരു പ്രത്യേക സംവിധാനവും ഒരുക്കിയിട്ടുണ്ട്. കൃഷിഭവനുകളിൽ പ്രദർശിപ്പിച്ചിട്ടുള്ള QR കോഡ് സ്കാൻ ചെയ്ത് കൃഷിഭവനുകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ കർഷകർക്ക് നേരിട്ട് പങ്കുവെയ്ക്കാം. സംസ്ഥാന SFAC യുടെ കീഴിൽ ഒരുക്കിയ കാൾ സെന്റർ ഈ അഭിപ്രായങ്ങൾ വിലയിരുത്തി, ആവശ്യമായ നിർദ്ദേശങ്ങളും മെച്ചപ്പെടുത്തലിനുള്ള ഉപദേശങ്ങളും നൽകുന്നു. കൂടാതെ പ്രവർത്തനമികവിന്റെ |

അടിസ്ഥാനത്തിൽ കൃഷിഭവനുകളെ റാങ്ക് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഗ്രേഡു ചെയ്തു വിലയിരുത്തുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾക്കായി പദ്ധതി തുക, നബാർഡ് ധനസഹായം, തദ്ദേശ ഭരണ സ്ഥാപന ഫണ്ട് തുടങ്ങിയവ കണ്ടെത്തുകയും ചെയ്തു. കൂടാതെ നവീന കൃഷിരീതികളും ആധുനിക കാർഷിക സേവനങ്ങളും കർഷകരിലേക്ക് എത്തിക്കുക എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി എല്ലാ കൃഷിഭവനുകളെയും ഘട്ടംഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്ന നടപടികൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാനത്തെ കൃഷിഭവനുകളിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുന്നതിലൂടെ കൃഷി ഉദ്യോഗസ്ഥരുടെ ലഭ്യത ഉറപ്പാക്കി വരുന്നുണ്ട്. കർഷക സേവനങ്ങൾ ത്വരിതപ്പെടുത്തുവാൻ കൃഷി വകുപ്പ് ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ‘കതിർ’ ആപ്പ് വഴികർഷകർക്ക് കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുവാനും പരിഹാരമാർഗ്ഗങ്ങൾ ലഭ്യമാക്കുവാനും സാധ്യമാകും. 21 മോഡ്യൂളുകൾ അടങ്ങുന്ന വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഈ സംവിധാനത്തിലൂടെ കർഷകർക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ഉറപ്പാക്കാൻ സാധ്യമാകും. കൃഷി ഉദ്യോഗസ്ഥർ വിളയിടങ്ങളിൽ നേരിട്ട് എത്തി ആവശ്യമായ സേവനങ്ങൾ നൽകുന്ന സംവിധാനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലോകബാങ്ക് ധനസഹായത്തോടെയുള്ള ‘കേര’ പ്രോജക്ടിന്റെ ഭാഗമായി കൃഷിഭവനുകൾക്ക് കൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എല്ലാ കൃഷിഭവനുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. മേൽ നടപടികൾ കർഷകസേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും, കാർഷികമേഖലയെ

| | | | |
|---|---|---|---|
| | | | സുസ്ഥിര വികസനത്തിന്റെ പാതയിലേക്ക് നയിക്കുകയും ചെയ്യും. |
| (ബി) | മിക്ക കൃഷി ഭവനുകളിലും കർഷകരുമായി ആശയവിനിമയം നടത്താനുള്ള സ്ഥലം, തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സൗകര്യമില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | സ്ഥല പരിമിതി, കൃഷിഭവനുകളിൽ നിന്നുള്ള കാർഷിക സേവനങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ പാടില്ല എന്ന ഉദ്ദേശത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതനുസരിച്ച് കൃഷിഭവനുകളെ ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 80 സ്മാർട്ട് കൃഷിഭവനുകൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനോടൊപ്പം സാങ്കേതിക വിദ്യയധിഷ്ഠിതമാക്കി കൃഷി ഭവൻ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും കൃത്യ സമയത്ത് സേവനങ്ങൾ കർഷക സമൂഹത്തിനു ലഭ്യമാക്കുകയും ചെയ്യുവാൻ സ്മാർട്ട് കൃഷിഭവനുകൾ ലക്ഷ്യമിടുന്നു. കർഷകരുമായി ആശയ വിനിമയം നടത്തുന്നതിനായുള്ള ഫ്രണ്ട് ഓഫീസ് സംവിധാനവും, തൈകൾ, വിത്തുകൾ, യന്ത്രങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനായി ഷെയ്ഡ് ഹൗസുകളും ഉല്പാദനോപാധികൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനവും സ്മാർട്ട് കൃഷി ഭവനുകളിലുണ്ട്. |
| (സി) | കൃഷി ഭവനുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കർഷകർക്ക് മികച്ച സേവനം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തിയും കർഷകർക്ക് നൽകുന്ന സേവനങ്ങൾ ത്വരിതപ്പെടുത്തിയും കൃഷി ഭവനുകളെ ശാക്തീകരിക്കുവാൻ സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്.<br><br>വിവിധ പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നതിനായി അപേക്ഷ സ്വീകരിക്കുക, അതിന്മേലുള്ള സംശയങ്ങൾ ദുരീകരിക്കുക, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ, പദ്ധതി ആനുകൂല്യങ്ങൾ, അപേക്ഷ നൽകിയതിന്റെ സ്ഥിതി എന്നീ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവയ്ക്കായി ഫ്രണ്ട് ഓഫീസ് കം ഇൻഫർമേഷൻ സെന്റർ, കൃഷിഭവനുകളിലെ എല്ലാ സേവനങ്ങളും ഡിജിറ്റലൈസ് ചെയ്ത് പേപ്പറിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിലേക്കായി പേപ്പർ രഹിത ഓഫീസ് സംവിധാനം, കർഷകർക്കായുള്ള സ്മാർട്ട് തിരിച്ചറിയൽ കാർഡ്, വിളകളെ ബാധിക്കുന്ന രോഗങ്ങളെയും കീടങ്ങളെയും തിരിച്ചറിയാനും, മണ്ണിന്റെ ഘടനയും പോഷകനിലയും മനസ്സിലാക്കാനും ആധുനിക സൗകര്യങ്ങളുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും മണ്ണ് പരിശോധനാ സൗകര്യങ്ങളും, കേന്ദ്രീകൃത ഡിജിറ്റൽ സൈനെജ് സംവിധാനം ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ കൃഷിഭവനുകളിലേയ്ക്ക് ഏകീകൃതമായി അറിയിപ്പുകൾ എത്തിക്കുന്നതിലേക്കായി വിവരസാങ്കേതിക വിദ്യയുടെ |

| | | | |
|---|---|---|---|
| | | | നവീകരണം (IT infrastructure upgradation), കർഷകർക്ക് വീട്ടിലിരുന്ന് തന്നെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും, കാർഷിക വിവരങ്ങൾ അറിയുന്നതിനും സഹായിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുകളും ഓൺലൈൻ പോർട്ടലുകളും, ഓരോ പ്രദേശത്തെയും മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിളകൾ തിരഞ്ഞെടുക്കുന്നതിനും, അവയുടെ പരിപാലനത്തിനും ആവശ്യമായ ശാസ്ത്രീയ വിവരങ്ങൾ നൽകുന്നതിനായി വിള പരിപാലന കേന്ദ്രങ്ങൾ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വീഡിയോകൾ, ഡോക്യുമെന്ററികൾ, വെബിനാറുകൾ, ചിത്രങ്ങൾ, കൃഷിരീതികളെക്കുറിച്ചുള്ള ഇ-ബുക്കുകൾ എന്നിവ ഉൾപ്പെടുന്ന ഒരു സമഗ്ര ഡിജിറ്റൽ മീഡിയ ലൈബ്രറി എന്നിവയും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ